**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 175 01.02.2018- ൽ മറുപടിയ്ക്ക്

## ജനങ്ങളുടെ മാനസിക ജീവിത നിലവാരം ഉയർത്താൻ പദ്ധതി

ചോദ്യം

ശ്രീ.എ.കെ.ശശീന്ദ്രൻ
ശ്രീ.കെ.കൃഷ്ണൻകുട്ടി
ശ്രീ.സി.കെ.നാണു
ശ്രീ.കെ.ബി.ഗണേഷ് കുമാർ.

മറുപടി

ശ്രീമതി കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ജനങ്ങളുടെ മാനസിക ജീവിത നിലവാരം ഉയർത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കി വരുന്നത്; ഇതിനായി വികസിത രാജ്യങ്ങളിൽ നടപ്പിലാക്കി വരുന്ന വിവിധ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (എ) | സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട ജീവനവിഭാഗങ്ങളുടെ (വൃദ്ധർ, അംഗപരിമിതർ, അനാഥർ, ട്രാൻസ്ജെൻഡർ, പ്രൊബേഷണർ) ഉന്നമനത്തിനും അവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനും വേണ്ടിയാണ് സാമൂഹ്യനീതി വകുപ്പ് പ്രവർത്തിക്കുന്നത്. വികസിത രാജ്യങ്ങളിൽ നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ മൊത്തത്തിൽ വിലയിരുത്തുന്നതിനുള്ള പഠനങ്ങൾ വകുപ്പ് നടത്തിയിട്ടില്ല.<br><br>**സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതികൾ**<br><br>**വയോജനങ്ങൾ.**<br>1 സായംപ്രഭ പദ്ധതി<br>2 മന്ദഹാസം പദ്ധതി<br>3 വയോ അമൃതം പദ്ധതി |

4. മ്യൂസിക് തെറാപ്പി പദ്ധതി.
5. വയോ സൗഹൃദ ഗ്രാമ പഞ്ചായത്ത് പദ്ധതി
6. വയോമിത്രം പദ്ധതി.

**<u>അംഗപരിമിതർ</u>**

1. അംഗപരിമിതർക്കുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പ്.
2. സ്വയംതൊഴിൽ ധനസഹായം പദ്ധതി (സ്വാശ്രയ പദ്ധതി)
3. തൊഴിൽ പരിശീലന പരിപാടികൾ
4. അംഗപരിമിതർക്ക് തൊഴിൽ സംവരണം
5. വിദ്യാജ്യോതി പദ്ധതി
6. വിദ്യാകിരണം പദ്ധതി
7. ഭിന്നശേഷിക്കാർക്ക് വിദൂര വിദ്യാഭ്യാസത്തിനുള്ള ധനസഹായം
8. ഭിന്നശേഷിക്കാർക്കുള്ള തുല്യതാ പരീക്ഷാ ധനസഹായം
9. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി
10. വ്യക്തിഗത പരിപാലന പദ്ധതി
11. കാഴ്ചവൈകല്യമുള്ള അമ്മമാർക്ക് പ്രസവാനന്തരമുള്ള ധനസഹായ പദ്ധതി.
12. സഹായ ഉപകരണ വിതരണ പദ്ധതി.

**<u>ട്രാൻസ്ജെൻഡർമാർക്കുള്ള പദ്ധതി</u>**

1. ട്രാൻസ്ജെൻഡർമാർക്കുള്ള ഡ്രൈവിംഗ് പരിശീലനം.
2. ട്രാൻസ്ജെൻഡർമാർക്കുള്ള തുടർ വിദ്യാഭ്യാസ പദ്ധതി.
3. അദ്ധ്യാപകർക്കും പോലീസ് ഉദ്യോഗസ്ഥർക്കും, ആരോഗ്യവകുപ്പ് ജീവനക്കാർക്കും ഉള്ള ജില്ലാതല ബോധവത്ക്കരണ ശില്പശാല.
4. സാമൂഹ്യനീതി ഡയറക്ടറേറ്റിൽ ട്രാൻസ്ജെൻഡർമാർക്കുള്ള പ്രത്യേക സെൽ.

| | | | |
|---|---|---|---|
| | | | **പ്രൊബേഷൻ സംവിധാനം**<br><br>1. കോടതി മുഖാന്തിരം നല്ലനടപ്പിന് വിധേയമായവർ, ക്ഷേമസ്ഥാപനങ്ങളിലെ മുൻ അന്തേവാസികൾ, പൂർവ്വ വിദ്യാർത്ഥികൾ എന്നിവരുടെ പുനരധിവാസം.<br>2. നിർദ്ധനരായ കുറ്റവാളികളുടെ ആശ്രിതർക്ക് സാമ്പത്തിക സഹായം.<br>3. ജയിൽ ശിക്ഷ അനുഭവിക്കുന്നവരുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം.<br>4. പീഢനത്തിനിരയായവരുടെ പുനരധിവാസം. |
| (ബി) | ജനങ്ങളുടെ മാനസിക ജീവിത നിലവാരത്തെക്കുറിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ? | (ബി) | ജനങ്ങളുടെ മാനസിക ജീവിത നിലവാരത്തെ കുറിച്ച് മൊത്തത്തിൽ പഠനങ്ങൾ സാമൂഹ്യനീതി വകുപ്പ് നടത്തിയിട്ടില്ല. എന്നാൽ സ്വകാര്യ വൃദ്ധസദനങ്ങളിലെ താമസക്കാരുടെ പ്രശ്നങ്ങൾ പഠിയ്ക്കുന്നതിന് റിട്ട.ജസ്റ്റിസ് രാമചന്ദ്രൻനായർ ചെയർമാനായി ഉന്നതതല സമിതി രൂപീകരിച്ച് പഠനം നടത്തി വരുന്നു. സർക്കാരിന് ഉടൻതന്നെ സമിതി റിപ്പോർട്ട് സമർപ്പിയ്ക്കുമെന്ന് അറിയിച്ചിട്ടുണ്ട്. |
| | | | |

**സെക്ഷൻ ഓഫീസർ**